4 (2561) നടപ്പ് വർഷത്തെ നികുതിപിരിവിലെ പുരോഗതി

ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ.എം. മാണി :
ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പുവർഷം ലക്ഷ്യമിട്ട നികുതിപിരിവ് 31.5.99 വരെ ഉള്ള കാല യളവിൽ എന്തു പുരോഗതി നേടിയെന്ന് ഓരോ നികുതി ഇനവും തിരിച്ച് വിശ ദമാക്കുമോ;

(ബി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളും സ്വയംഭരണ സ്ഥാപനങ്ങളും അവയുടെ നിക്ഷേപം ട്രഷറികളിലേയ്ക്ക് മാറ്റണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ ഏറ്റവുമൊടുവിൽ അപ്രകാരം നിർദ്ദേശം നൽകിയതെന്നാണെന്നും പ്രസ്തുത കാലയളവിനുശേഷം എത്ര കോടി രൂപ ട്രഷറികളിൽ നിക്ഷേപിക്കപ്പെട്ടുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) തുക കോടിയിൽ

വകുപ്പുകൾ	ബഡ്ജറ്റ് എസ്റ്റിമേറ്റ് 1999-2000	കളക്ഷൻ 31.5.99 വരെ	പുരോഗതി (ശതമാനക്കണക്കിൽ)
1. സ്റ്റാമ്പ്സ് ആന്റ് രജിസ്ട്രേഷൻ	415.71	51.77	12.45%
2. സ്റ്റേറ്റ് ലോട്ടറി	160.00	13.63	8.5%
3. മോട്ടോർ വെഹിക്കിൾസ്	431.00	64.77	15%
4. സെയിൽസ് ടാക്സ്	4144.10	327.99	7.91%
5. അഗ്രിക്കൾച്ചർ ഇൻകംടാക്സ്	30.00	1.85	6.16%
6. എക്സൈസ്	675.00	110.83	16.42%
7. ഫോറസ്റ്റ്	160.08	15.35	9.6%
8. ലാന്റ് റവന്യൂ	43.76	6.77	15.47%

(ബി) ഉണ്ട്.

(സി) 21.5.1999-ൽ ട്രഷറികളിലെ നിക്ഷേപം സംബന്ധിച്ച കണക്ക് ശേഖരിച്ചുവരുന്നു.

5 (2562) വില്പന നികുതി

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1996-97, 1997-98, 1998-99 എന്നീ സാമ്പത്തിക വർഷങ്ങളിൽ യഥാസമയം വില്പന നികുതി പിരിച്ചെടുക്കാത്തതിനാൽ എത്ര കോടി രൂപ സംസ്ഥാനത്തിന് നഷ്ടമായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വില്പനനികുതി ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ചെക്ക് പോസ്റ്റുകളിലെ പരിശോധന കാര്യക്ഷമമാക്കി നിയമപ്രകാരമുള്ള നികുതി ലഭിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) യഥാസമയം നികുതി പിരിച്ചെടുക്കാത്ത സ്ഥിതി ഉണ്ടായിട്ടില്ലാത്തതിനാൽ സംസ്ഥാനത്തിന് നഷ്ടമൊന്നും ഉണ്ടായിട്ടില്ല.

(ബി) 1. വാണിജ്യ നികുതി വകുപ്പിലെ പ്രധാന ഓഫീസുകളും ചെക്ക് പോസ്റ്റുകളും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു കമ്പ്യൂട്ടർ ശൃംഖല സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

2. പ്രധാന ചെക്ക് പോസ്റ്റുകളായ വാളയാർ, ബംഗറ, മഞ്ചേശ്വർ, മുത്തങ്ങ, ആര്യൻകാവ്, അമരവിള എന്നിവിടങ്ങളിൽ കെട്ടിടത്തിനും പാർക്കിംഗ് സൗകര്യത്തിനും അകത്തോട്ടും പുറത്തോട്ടും പോകുന്ന വാഹനങ്ങൾ പ്രത്യേകം പരിശോധിക്കുന്നതിനുള്ള സൗകര്യത്തിനുമായി സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഇന്റലിജൻസ് വിഭാഗവും കൂടാതെ ഡെപ്യൂട്ടി കമ്മീഷണർമാരുടെയും അസിസ്റ്റന്റ് കമ്മീഷണർമാരുടേയും നേതൃത്വത്തിലുള്ള ചെക്ക്പോസ്റ്റുകളിൽക്കൂടി കടന്നുവരുന്ന വാഹനങ്ങൾ പരിശോധിച്ചുവരുന്നു. ഇതുകൂടാതെ മിന്നൽപരിശോധന നടത്തി ചെക്ക്പോസ്റ്റിൽ ജോലിചെയ്യുന്ന ആൾക്കാരെ മുഴുവൻ മാറ്റി പകരം ഇന്റലിജൻസ് സ്കാഡിലെ ജീവനക്കാരെ ഒരു നിശ്ചിത സമയത്തേക്ക് നിയമിച്ചുവരുന്നു.

4. നിലവിലുള്ള ചെക്ക് പോസ്റ്റുകൾക്ക് സമാന്തരമായി ബൈറൂട്ടുകളിൽക്കൂടി കള്ളക്കടത്ത് തടയുന്നതിലേക്കായി, അപ്രകാരമുള്ള ബൈറൂട്ടുകൾകൂടി ഉൾക്കൊള്ളത്തക്കവിധത്തിൽ ചെക്ക്പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുകയോ പുതിയ ചെക്ക്പോസ്റ്റുകൾ സ്ഥാപിക്കുകയോ ചെയ്യുന്നു.

5. പ്രധാന ചെക്ക്പോസ്റ്റുകളിൽ ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർമാരെ നിയമിക്കുകയും ചെക്ക് പോസ്റ്റുകൾ അവരുടെ നിയന്ത്രണത്തിലാക്കുകയും ചെയ്തിട്ടുണ്ട്.

6 (2563) കാർഷികാദായ നികുതിദായകർ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. എം. മുരളി :

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര കാർഷികാദായ നികുതിദായകരുണ്ട്;

(ബി) ഇതിൽ എത്ര പേർ അവരുടെ നികുതി കമ്മ്യൂട്ട് ചെയ്തിട്ടുണ്ട്;

(സി) എത്ര പേരുടെ നികുതി അസസ്സ് ചെയ്യേണ്ടതുണ്ട്;

(ഡി) ഈ നികുതി പിരിച്ചെടുക്കുവാനുള്ള ഉദ്യോഗസ്ഥന്മാരുടെ ഘടനയെന്ത്;

LIBRARY ARCHIVES Kerala Legislative Assembly